പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4602**

**26.10.2016-ൽ മറുപടിയ്ക്ക്**

## നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ എ.പി. അനിൽ കുമാർ<br>ശ്രീ വി.പി. സജീന്ദ്രൻ<br>ശ്രീ വി.ഡി.സതീശൻ<br>ശ്രീ റോജി എം.ജോൺ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ എല്ലാ ജില്ലയിലും 40 കോടി രൂപ വീതം ചെലവിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് |
| (ബി) ഏന്തെല്ലാം പ്രവർത്തനങ്ങളാണ് ഇവിടെ നടത്താനുദ്ദേശിക്കുന്നത്; | (ബി) നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളിൽ ഒപേറ ഹൗസ്, സിനിമ തീയറ്റർ, മ്യൂസിക് ഹാൾ, ആർട്ട് ഗാലറി, സെമിനാർ ഹാൾ, കലാകാരന്മാർക്കുള്ള താമസസൗകര്യം, നാടക പരിശീലന കേന്ദ്രം തുടങ്ങി കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സമഗ്രമായ സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. കൂടാതെ കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ കരകൗശല നിർമ്മാണവുമായി ബന്ധപ്പെട്ട സ്റ്റാളുകൾ ഉൾപ്പെടുത്തുന്നതിനും ആയവ വില്പന ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഇതിനായി എന്തു തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ ? | (സി) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം Kerala Infrastructure Investment Fund Board (KIIFB)-ൽ നിന്നുമുള്ള പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ